റോഡ് നിർമ്മാണത്തിലെ പ്രതിസന്ധി

326 (1383) ശ്രീ. എം. ചന്ദ്രൻ : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) സംസ്ഥാനത്ത് സാമ്പത്തിക പ്രതിസന്ധിമൂലം റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ പ്രതിസന്ധിയിലായി എന്ന ആക്ഷേപം ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; വിശദാംശം ലഭ്യമാക്കുമോ ;

(ബി) റോഡ് നിർമ്മാണ പ്രവർത്തനങ്ങൾ ഏറ്റെടുക്കുവാൻ കരാറുകാർ തയ്യാറാകുന്നില്ല എന്നത് ശരിയാണോ ; വിശദാംശം ലഭ്യമാക്കുമോ ;

(സി) ഇതുവരെ പൂർത്തിയാക്കിയ പ്രവൃത്തികൾക്ക് കരാറുകാർക്ക് കുടിശ്ശികയായി എത്ര രൂപയാണ് നൽകുവാനുള്ളത് ;

(ഡി) പ്രസ്തുത കുടിശ്ശിക എന്നത്തേക്ക് കൊടുത്തു തീർക്കുവാൻ സാധിക്കുമെന്നു വ്യക്തമാക്കുമോ ?

ഉത്തരം

(എ) ശ്രദ്ധയിൽപ്പെട്ടിട്ടില്ല.

(ബി) ഇല്ല.

(സി) പൊതുമരാമത്ത് വകുപ്പ് നിരത്തുകളും പാലങ്ങളും വിഭാഗത്തിൽ 1-1-2014 മുതൽ 30-9-2014-വരെ 1403.53 കോടി രൂപയും ദേശീയപാതാ വിഭാഗത്തിൽ 52.43 കോടി രൂപയുമാണ് കുടിശ്ശികയുള്ളത്.

(ഡി) സർക്കാരിന്റെ സാമ്പത്തിക സ്ഥിതി അനുസരിച്ച് മുൻഗണനാക്രമത്തിൽ കാലവിളംബം കൂടാതെ കൊടുത്ത് തീർക്കാനാണ് ശ്രമിക്കുന്നത്.

കേളകം-അടക്കത്തോട് പൊതുമരാമത്ത് റോഡ് നവീകരണം

327 (1384) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) കേളകം-അടക്കത്തോട് പൊതുമരാമത്ത് റോഡ് നവീകരണത്തിന് ഭരണാനുമതി നൽകിയിട്ടുണ്ടോ; എങ്കിൽ ആയതിന്റെ പുരോഗതി വ്യക്തമാക്കാമോ;

(ബി) റോഡ് പ്രവൃത്തി തടസപ്പെടാൻ കാരണങ്ങൾ എന്തെല്ലാം; ആയത് പരിഹരിക്കുന്നതിന് സ്വീകരിച്ച നടപടികൾ വിശദീകരിക്കാമോ?

LIBRARY ARCHIVES Kerala Legislative Assembly

ഉത്തരം

(എ) ഭരണാനുമതി നൽകിയിരുന്നു. എന്നാൽ ചെയിനേജിലുണ്ടായ മാറ്റം കാരണവും നൽകിയ ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാലും പുതുക്കിയ ഭരണാനുമതിക്കായുള്ള വിശദമായ എസ്റ്റിമേറ്റ് തയ്യാറാക്കി വരുന്നതേയുള്ളൂ.

(ബി) നിലവിൽ കി.മീ. 1/000 മുതൽ 7/000 വരെയുള്ള റോഡിന്റെ പുനരുദ്ധാരണ പ്രവൃത്തിക്കാണ് 200 ലക്ഷം രൂപയുടെ ഭരണാനുമതി നൽകിയിരുന്നത്. എന്നാൽ ഷെഡ്യൂൾ ഓഫ് റേറ്റ് പുതുക്കിയതിനാൽ, പുതുക്കിയ നിരക്ക് പ്രകാരമുള്ള തുക നിലവിൽ ഭരണാനുമതി നൽകിയ കി.മീ. 1/000 മുതൽ 7/000 വരെയുള്ള പ്രവൃത്തിക്ക് തികയാത്തതിനാൽ, ആയത് 0/000 4/000 വരെയാക്കി പരിമിതപ്പെടുത്തി അംഗീകാരം നൽകണമെന്നതു സംബന്ധിച്ചുള്ള ചീഫ് എഞ്ചിനീയറുടെ ശിപാർശ ധനകാര്യ വകുപ്പിന്റെ പരിഗണനയിലാണ്. എന്നാൽ നിലവിലുള്ള ഭരണാനുമതിയുടെ കാലാവധി കഴിഞ്ഞതിനാൽ ഈ പ്രവൃത്തിക്ക് പുതുക്കിയ ഭരണാനുമതി നൽകേണ്ടതായിട്ടുണ്ട്. ഇതുസംബന്ധിച്ച് ശിപാർശയ്ക്ക് ഫണ്ടിന്റെ ലഭ്യത അനുസരിച്ച് മാത്രമേ പുതുക്കിയ ഭരണാനുമതി നൽകുന്ന കാര്യം പരിശോധിക്കുവാൻ സാധിക്കുകയുള്ളൂ.

ഹിൽ-ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തിയ കാരാപറമ്പ്-ആറളം മണത്തണ റോഡ് പൂർത്തീകരണത്തിന് നടപടി

328 (1385) ശ്രീ. സണ്ണി ജോസഫ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് പൊതുമരാമത്ത് വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഹിൽ-ഹൈവേ പദ്ധതിയിൽ ഉൾപ്പെടുത്തി ഭരണാനുമതി നൽകിയ കാരാപറമ്പ്-ആറളം-മണത്തണ റോഡ് പ്രവൃത്തിയുടെ കോൺട്രാക്ട് നടപടികൾ പൂർത്തീകരിച്ചിട്ടുണ്ടോ ;

(ബി) പ്രസ്തുത റോഡ് പ്രവൃത്തികളുടെ പൂർത്തീകരണത്തിന് തടസ്സങ്ങൾ എന്തെല്ലാമാണ് ;

(സി) ആയത് പരിഹരിക്കുവാൻ സ്വീകരിച്ച നടപടികൾ എന്തെല്ലാമാണ് ;

(ഡി) പ്രസ്തുത പദ്ധതി പൂർത്തീകരണത്തിന് സമയബന്ധിതമായി നടപടികൾ സ്വീകരിക്കുമോ ?

ഉത്തരം

(എ) സർക്കാർ ഉത്തരവ് 1197/14/പൊ.മ.വ. തീയതി 25-8-2014 പ്രകാരം ടെണ്ടർ കമ്മിറ്റി അംഗീകാരം നൽകി ഉത്തരവായിട്ടുണ്ട്.

(ബി-ഡി) പ്രത്യേകാനുമതി നൽകുന്ന കാര്യം പരിഗണിച്ചുവരുന്നു.

LIBRARY ARCHIVES Kerala Legislative Assembly